മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഈ കുട്ടിയെ ആശുപത്രിയിൽ കൊണ്ടു വരുമ്പോഴേ തന്നെ ഏതാണ്ട് കരളിന്റെ പ്രവർത്തനം നിലച്ചിരിക്കുകയായിരുന്നു. എങ്കിലും അവർ രോഗം മാറ്റാനുള്ള ശ്രമം നടത്തി. അവർ അതിൽ വിജയിച്ചില്ല. അതിനിടയ്ക്ക് കുട്ടിക്ക് എനിമ കൊടുക്കാൻ വേണ്ടി ശ്രമിക്കുന്ന അവസരത്തിൽ കുട്ടി പെട്ടെന്ന് നെഴ്സിന്റെ കയ്യിൽ കടിച്ചു. ആ നെഴ്സ് പറയുന്നത്, അറിയാതെ പെട്ടെന്ന് തട്ടിപ്പോയതാണെന്നാണ്. ഏതായാലും ശരി പിറ്റെ ദിവസം കുട്ടി മരിച്ചു. പോസ്റ്റ്മാർട്ടം റിപ്പോർട്ട് കിട്ടിയിട്ടില്ല. വിദഗ്ദ്ധ ഡോക്ടർമാർ പരിശോധിച്ചതിൽ നിന്നു മരണ കാരണം രോഗത്തിന്റെ മൂർദ്ധന്യാവസ്ഥയാണെന്നാണ് പറഞ്ഞിട്ടുള്ളത്. ഏതായാലും വളരെ പെട്ടെന്ന് അറിയാതെയാണെങ്കിൽപോലും ഒരു നെഴ്സിന്റെ കയ്യിൽ നിന്നും ഇങ്ങനെ ഒരു സംഭവം ഉണ്ടാകാൻ പാടില്ലെന്നുള്ളതുകൊണ്ട് അവരെ തല്ക്കാലം സസ്പെൻഡ് ചെയ്തു, പോസ്റ്റ്മാർട്ടം റിപ്പോർട്ട് കിട്ടിയ ശേഷം അന്വേഷണം നടത്തി ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

8. പുറലൂർ പേപ്പർ മില്ലിലെ ലാക്കൗട്ട്

ശ്രീ. വി. സുരേന്ദ്രൻ പിള്ള: സർ, ഈ അടുത്ത കാലത്തായി യാതൊരു കാരണവുമില്ലാതെ അടച്ചുപൂട്ടിയ പുനലൂർ പേപ്പർ മില്ല് തുറന്നു പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും, ആ മില്ല് ഗവൺമെന്റ്, ഏറ്റെടുക്കണമെന്നും ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. മദ്ധ്യ കേരളത്തിലെ ഏറ്റവും പഴക്കംചെന്ന വളരെ പ്രധാനപ്പെട്ട ഒരു വ്യവസായ സ്ഥാപനമാണ് പുനലൂർ പേപ്പർ മില്ല്. ഇന്ന് അത് വളരെ ഗുരുതരമായ ഒരു പ്രതിസന്ധിയിലാണ്. രണ്ടായിരത്തോളം തൊഴിലാളികളും അവരുടെ കുടുംബങ്ങളും ഇന്ന് കൊടും പട്ടിണിയിലാണ്. പുനലൂർ പേപ്പർ മില്ലിലെ പുകക്കുഴലിൽക്കൂടി ഒരു ദിവസം പുക ഉയർന്നില്ലെങ്കിൽ അതിന്റെ അർത്ഥം ആ പ്രദേശത്തെ, പുനലൂർ മുനിസിപ്പൽ ഏരിയായിലേയും ആ നിയോജകമണ്ഡലത്തിലാകെ താമസിക്കുന്ന, അവിടെ പണിയെടുക്കുന്ന പാവപ്പെട്ട ആളുകളുടെ കുടിലിലെ അടുപ്പിൽ തീ പുകയുകയില്ലെന്നാണ്. ഈ അടുത്തകാലത്ത് ബോംബെ ഹൈക്കോടതിയിൽ ഒരു കേസുണ്ടായിരുന്നു. ആ കേസിനു ഒരു തീരുമാനമാകുന്നതിനു മുമ്പ് തന്നെ മാനേജുമെന്റും തൊഴിലാളികളുമായി നടത്തിയ ഒരു ചർച്ചയുടെ അടിസ്ഥാനത്തിൽ മില്ല് തുറന്ന് പ്രവർത്തനം ആരംഭിച്ചു. ഒരു കാരണവുമില്ലാതെയാണ് അടച്ചുപൂട്ടിയത്. അവിടെ തൊഴിൽത്തർക്കമില്ല, റ മെറ്റീരിയൽസ് ഇഷ്ടംപോലെ കിട്ടുന്നുണ്ട്. യാതൊരു മുന്നറിയിപ്പും ഇല്ലാതെ ഒരു ദിവസം രാത്രി 12 മണിക്ക് ഡ്യൂട്ടി കഴിഞ്ഞതിനുശേഷം മിൽ മാനേജുമെന്റ് ഒരു നോട്ടീസ് നോട്ടീസ് ബോർഡിൽ ഇടുകയും, കമ്പനി എന്നന്നേക്കുമായി പൂട്ടി മുദ്ര വച്ചിട്ട്. മിൽ മാനേജ്മെന്റ് ഒന്നോടെ സ്ഥലം വിട്ടിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ആ തൊഴിലാളികൾക്ക് യാതൊരു രീതിയിലും രക്ഷ ഇല്ലാത്ത പശ്ചാത്തലത്തിൽ ഗവൺമെന്റ് ഇത് ഏറ്റെടുക്കണം. ഇഷ്ടംപോലെ റ മെറ്റീരിയൽസ് കൊടുത്തിട്ട് ഒരു മാനേജ്മെന്റിന്റെ ധിക്കാരപരമായ നടപടിമൂലമാണ് ഇത് പൂട്ടിയത്. പേപ്പർ വ്യവസായത്തിന് ആവശ്യമായ ഈറ വനത്തിൽ കിടന്ന് അഴുകുകയാണ്. മാനേജ്മെന്റിന്റെ ധിക്കാരപരമായ ഈ നടപടി അവസാനിപ്പിച്ചുകൊണ്ട് ഈ മില്ല് ഗവൺമെന്റ് ഏറ്റെടുക്കുകയും, ഇത് തുറന്ന് പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, കുറെക്കാല മായി സാമ്പത്തിക പ്രതിസന്ധിയിൽ കഴിയുന്നതാണല്ലോ പുനലൂർ പേപ്പർ മിൽ. അവരുടെ കടക്കാരായ ഐ. സി. ഐ. സി. ഐ. അവർക്ക് കിട്ടാനുള്ള ഒരു വമ്പിച്ച എമൗണ്ടിനുവേണ്ടി മഹാരാഷ്ട്ര ഹൈക്കോടതിയിൽ കേസ് കൊടുക്കുകയും, ആ കോടതിയിൽ നിന്ന് കമ്പനിയിലേക്ക് റിസീവറെ നിയമിക്കുകയും ചെയ്തു. ആ കമ്പനി ഇന്ന് റിസീവറുടെ കസ്റ്റഡിയിലാണ്. അവർ ആദ്യം ചെയ്തത് ജോലിക്കാരുടെയൊക്കെ സർവ്വീസ് ടെർമിനേറ്റ് ചെയ്യുകയെന്നുള്ളതാണ്. ആ വിധിയിൻമേൽ മാനേജ്മെൻറ് അപ്പീൽ ബോധിപ്പിച്ചു. ആ അപ്പീലിൽ യൂണിയനുകളും കക്ഷി ചേർന്നു. അതിനെത്തുടർന്ന് ആദ്യത്തെ വിധി ഭേദപ്പെടുത്തി ചില നിയന്ത്രണങ്ങൾക്ക വിധേയമായ ചില പ്രത്യേകമായിട്ടുള്ള കണ്ടിഷൻറെ അടിസ്ഥാനത്തിൽ ഈ മാനേജ്മെൻറ് തന്നെ ഇത് നടത്തുന്നതിന് അനുവദിച്ചുകൊണ്ട് ഉത്തരവുണ്ടായി അതിൻറെ അടിസ്ഥാനത്തിൽ ലേബർ ഡിപ്പാർട്ടുമെൻറ് വിളിച്ചുകൂട്ടിയ കോൺഫറൻസിൻറെ അടിസ്ഥാനത്തിൽ അത് നടന്നു വരുകയായിരുന്നു. അപ്പോൾ ഇത്ര ലക്ഷം രൂപ വീതം മാസം കെട്ടിവയ്ക്കണമെന്നെല്ലാമുള്ള വ്യവസ്ഥയുണ്ട്. അത് ലംഘിച്ചിട്ടാണോ, എന്ത് അടിസ്ഥാനത്തിലാണോ ഇപ്പോൾ ലോക്കൗട്ട് നടത്തുന്നത് എന്നുള്ളതാണ് നോക്കേണ്ട കാര്യമാണ്. അങ്ങനെയിരിക്കെയാണ് ലോക്കൗട്ട് ഉണ്ടായിരിക്കുന്നത്. അങ്ങനെ കോടതിയുടെ കൈവശം ഇരിക്കുന്നതും കടം കൊടുത്തു തീർക്കാനുമുള്ള ഈ പരിതഃസ്ഥിതിയിൽ ഗവൺമെൻറിന് എന്ത് മാത്രം ഇടപെടാം, ഗവൺമെൻറിന് അത് ഏറ്റെടുക്കുന്നതിന് എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്നുള്ളതെല്ലാം വിശദമായ നിയമ പരിശോധനയ്ക്ക് വിധേയമാക്കേണ്ട വിഷയമാണ്. യൂണിയനുകളുടെ പരാതി കിട്ടുന്ന മുറയ്ക്ക് ഇത്തരം കാര്യങ്ങൾക്ക് ഗവൺമെൻറ് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

9. ചേർത്തല മാക്ഡവൽ കമ്പനിയിലെ മലിനജലം

ശ്രീ. എ. വി. താമരാക്ഷൻ: സർ, വിദേശമദ്യം നിർമ്മിക്കുന്ന ചേർത്തല യിലുള്ള മാക്ഡവൽ കമ്പനിയിൽ നിന്നും വിഷാംശം കലർന്ന ജലവും മറ്റ് മാലിന്യങ്ങളും വേമ്പനാട് കായലിലേക്ക് ഒഴുക്കിവിടുന്നതിൻറെ ഫലമായി വേമ്പനാട്ട് കായലിൽ മൽസ്യബന്ധനം നടത്തി ഉപജീവനം കഴിക്കുന്ന ആയിരക്കണക്കിന് കുടുംബങ്ങൾ നിത്യപട്ടിണിയിലാണ്. ആ മാക്ഡവൽ കമ്പനിയിൽ ഈ മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള ഒരു സംവിധാനവുമില്ല. വിഷാംശം കലർന്ന ഈ മലിനജലം കായലിലേക്ക് ഒഴുക്കിവിടുന്നതിൻറെ ഫലമായി കായലിലുള്ള മത്സ്യം ചത്തുപോകുകയാണ്. എന്നു മാത്രമല്ല, കക്കാവാരിയും മീൻപിടിച്ചും കഴിയുന്ന തൊഴിലാളികളുടെ കാഴ്ചയും ശ്രവണശക്തിയും നഷ്ടപ്പെട്ടും പല തരത്തിലുള്ള സ്കിൻ ഡിസീസിനും വിധേയരായും തൊഴിലാളികൾ ബുദ്ധിമുട്ടുകയാണ്. നിരവധി പ്രാവശ്യം ഈ വെള്ളം ശുദ്ധീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തൊഴിലാളികൾ സമരം നടത്തി; നിവേദനങ്ങൾ കൊടുത്തു. എന്നാൽ അവിടെ വരുന്ന ഉദ്യോഗസ്ഥൻമാർ എല്ലാം വിദേശമദ്യം ഉല്പാദിപ്പിക്കുന്ന ഒരു സ്ഥാപനമായതുകൊണ്ട് ആ സ്ഥാപനത്തിൻറെ കാവല്ക്കാരായി മാറുന്ന സ്ഥിതിയാണ് ഉള്ളത്. ഈ നിലയിൽ അശരണരായ പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് മീൻപിടിക്കുന്നതിനുവേണ്ടി അടിയന്തിരമായ നടപടി സംസ്ഥാന ഗവൺമെൻറ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly